**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4631** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിലെ എഞ്ചിനീയർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിൽ അപ്രഖ്യാപിത നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ; | (എ) | നിലനിൽക്കുന്നില്ല. |
| (ബി) | ജലവിഭവ വകുപ്പിന് കീഴിൽ വിവിധ വിഭാഗങ്ങളിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിലെ 23 ഒഴിവുകളും ഭൂജല വകുപ്പിലെ ഒരു ഒഴിവും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിലെ 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ജലവിഭവ വകുപ്പിൽ വിവിധ വിഭാഗങ്ങളിൽ ഉയർന്ന എഞ്ചിനീയർ തസ്തികകളിലേക്കുള്ള പ്രൊമോഷൻ നടപടികൾ നിർത്തിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർന്ന തസ്തികകളിലേക്കുള്ള പ്രമോഷൻ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിർത്തിവെച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തുടങ്ങിയ തസ്തികകളിലേക്കുള്ള പ്രൊമോഷൻ നടത്തുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേരുന്നതിനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ഡി) | ജലവിഭവ വകുപ്പിൽ ആകെ എത്ര എഞ്ചിനീയർ തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്ന് തസ്തിക തിരിച്ച് കണക്ക് നൽകാമോ; ഇവ നികത്തുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ജലവിഭവ വകുപ്പിൽ ഒഴിവുള്ള എഞ്ചിനീയർ തസ്തികകളുടെ എണ്ണവും അവ നികത്തുന്നതിന് സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| എഞ്ചിനീയർ തസ്തിക | ഒഴിവുകളുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|
| **വാട്ടർ അതോറിറ്റി** | | |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1 | ഒഴിവുകൾ നികത്തുന്നതിനായി ഡി.പി.സി കൂടിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | |
| **ജലസേചനം (ചീഫ് എഞ്ചിനീയർ ഓഫീസ് – ജലസേചനവും ഭരണവും) മെക്കാനിക്കൽ വിഭാഗം** | | |
| ചീഫ് എഞ്ചിനീയർ | 1 | ഡി.പി.സി നടപടിക്രമം പൂർത്തീകരിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. താമസംവിനാ ഒഴിവുകൾ നികത്തുന്നതാണ് . |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 2 | |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 4 | |
| **സിവിൽ വിഭാഗം** | | |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1 | ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 4 | |
| **ഭൂജലവകുപ്പ്** | | |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1 (ജനറൽ)<br>1 (നാഷണൽ ഹൈഡ്രോളജി പ്രോജക്ട്) | 20.09.2021-ന് ഡി.പി.സി യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് യോഗ്യതയുള്ളവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാനായി 20.09.2021-ന് ഡി.പി.സി യോഗം ചേർന്നിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. രണ്ടാമത്തെ ഒഴിവ് By Transfer Promotion മുഖേന നികത്താനുള്ളതാണ്. |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | ഒരു ഒഴിവിലേയ്ക്ക് ഡി.പി.സി യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. മറ്റരണ്ടു ഒഴിവുകൾ ഡിപ്ലോമ/ഐ.റ്റി.ഐ യോഗ്യതയുള്ളവരിൽ നിന്നും താത്കാലിക പ്രൊമോഷൻ മുഖേന നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |